# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3851 — 23.08.2017 -ൽ മറുപടിക്ക്

### സംസ്ഥാന വികസനത്തിൽ വിനോദസഞ്ചാരമേഖലയുടെ സംഭാവന

**ചോദ്യം**

ശ്രീ. എസ്. ശർമ്മ
ശ്രീ. കെ. ദാസൻ
ശ്രീ. ഒ. ആർ. കേളു
ശ്രീ. കെ. കുഞ്ഞിരാമൻ

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിദേശനാണ്യം നേടിത്തരുന്നതിനും പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിനോദസഞ്ചാരമേഖല എപ്രകാരമെല്ലാം സഹായകമാകുന്നു എന്ന് വ്യക്തമാക്കുമോ;

എ) ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, നിലവിലുള്ളവയുടെ വികസനം, സാഹസിക വിനോദ സഞ്ചാര പദ്ധതികൾ, പൈതൃക മേഖലയുടെ സംരക്ഷണം, യുവസഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ, സാഹസിക വിനോദസഞ്ചാര മേഖല പ്രോൽസാഹിപ്പിക്കൽ തുടങ്ങിയവ വിനോദ സഞ്ചാരമേഖലയുടെയും അനുബന്ധമേഖലകളുടെയും വികസനത്തിന് സഹായകരമാകുന്നു. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ, പൊതു സ്വകാര്യ പങ്കാളിത്തവും, നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുക, ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിലൂടെ അടുത്ത 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇപ്രകാരം ഈ മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി പ്രാദേശികതലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോടു കൂടിയുള്ളതാണ്. ഇതിനു പുറമേ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന

പദ്ധതിയിലും വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ മേഖലയിലും വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത ആഹാരപദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്തുങ്ങൾ അച്ചടിയും പ്രസിദ്ധീകരണവും, കര ജല വ്യോമ സഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള മൊത്തം വരുമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഉണ്ട്. മുൻ വർഷത്തെക്കാൾ 11.12% വളർച്ചാ നിരക്ക് 2016-ൽ ഉണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| സി) | നടപ്പ് സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സംസ്ഥാനത്തെ വിനോദസഞ്ചാര സർക്യൂട്ടുകളുടെ പശ്ചാത്തലസൗകര്യവികസനത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികളുടെ വികസനത്തിനായാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | സി) | നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തെ വിനോദസഞ്ചാര സർക്യൂട്ടുകളുടെ പശ്ചാത്തലസൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾക്ക് തുകകൾ അനുവദിച്ചിട്ടില്ല എന്നാൽ 2015-16 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന സ്വദേശ് ദർശൻ സ്കീമിലെ ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-വാഗമൺ-ഗവി-തേക്കടി വികസന പദ്ധതിയുടെ 2-ാം ഗഡു തുകയായി 2639.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ കഴിഞ്ഞ സാമ്പത്തികവർഷം 'പ്രസാദ്' പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂരിലെ അടിസ്ഥാനസൗകര്യ വികസനത്തിന് 46.14 കോടി രൂപയും, പത്മനാഭസ്വാമി - ആറന്മുള ക്ഷേത്ര വികസനത്തിന് പിൽഗ്രിം ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി 9244.26 ലക്ഷം രൂപയും പമ്പ-സന്നിധാനം-എരുമേലി വികസനത്തിന് 9999.92 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## EARNINGS FROM TOURISM

| *Year* | *Foreign Exchange Earnings (Rs. In Crores)* | *Percentage of Increase* | *Total revenue generated from Tourism(Direct & Indirect) Rs. In Crores* | *Percentage of Increase* |
|---|---|---|---|---|
| **2013** | 5560.77 | 21.63 | 22926.55 | 12.22 |
| **2014** | 6398.93 | 15.07 | 24885.44 | 8.54 |
| **2015** | 6949.88 | 8.61 | 26689.63 | 7.25 |
| **2016** | 7749.51 | 11.51 | 29658.56 | 11.12 |